(ഇ) ശ്രീലങ്കയിൽ നിന്നും ഉണ്ടായിരിക്കുന്ന അമിതമായ ഇറക്കുമതി നിയന്ത്രിക്കുന്നതിനായി സൗജന്യ നിരക്കിലുള്ള ഇറക്കുമതി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയോ മിതമായ നിരക്കിലുള്ള ഇറക്കുമതി തീരുവ പുനഃസ്ഥാപിക്കുകയോ ചെയ്യണമെന്നു സംസ്ഥാനം കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ നൽകുന്നതിലും ഉല്പന്നങ്ങളുടെ ഒറിജിൻ സംബന്ധിച്ച നിബന്ധനകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സുരക്ഷാ സംവിധാനങ്ങളും അവലോകനം ചെയ്യപ്പെടുന്നതിനു സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യങ്ങൾ പരിഗണിക്കപ്പെടുന്നതിനു കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട മന്ത്രാലയങ്ങളിൽ വേണ്ടത്ര സമ്മർദ്ദം ചെലുത്തണമെന്നും സംസ്ഥാനത്ത് നിന്നുള്ള എം.പി.-മാരോടും ആവശ്യപ്പെട്ടിട്ടുണ്ട്.

കാർഷിക കയറ്റുമതി മേഖലയിൽ ഉൾപ്പെടുത്തി കൃഷി ഫാമുകൾ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകുന്ന നടപടി

*22 [810] ശ്രീ. സാജു പോൾ:
,, മഞ്ഞളാംകുഴി അലി:
,, എം. വി. ജയരാജൻ:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി രൂപീകരിച്ച കാർഷിക കയറ്റുമതി മേഖലയിൽ ഉൾപ്പെടുത്തി സർക്കാർ കൃഷിഫാമുകൾ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിനുശേഷം ഇപ്പോൾ സർക്കാരിന്റെ കൈവശം എത്ര ഫാമുകൾ ഉണ്ട്;

(സി) അവയിലെല്ലാമായി എത്ര ഹെക്ടർ ഭൂമിയുണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര ഫാമുകൾ ലാഭത്തിലാണെന്നും എത്ര എണ്ണം നഷ്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ഇ) ലാഭത്തിലല്ലാത്ത ഫാമുകൾ പുനഃസംഘടിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) തീരുമാനമെടുത്തിട്ടില്ല.

(ബി) 10 ഫാമുകൾ (പ്രത്യേക ഫാമുകൾ).

(സി) 1144.0426 ഹെക്ടർ.

(ഡി) ഒരു ഫാം (കശുമാവു പ്രജനന തോട്ടം അദുൽ ഗ്വാളിമുഖ) മാത്രമാണ് പ്രത്യേക ഫാമുകളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നത്. 2002-03 വർഷം 43 ലക്ഷം രൂപ ലാഭമുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഫാമുകളുടെ സമഗ്രമായ വികസനത്തിന് ലക്ഷ്യമിട്ടുകൊണ്ട് ഓരോ ഫാമിനും യോജിച്ച രീതിയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതോടുകൂടി ഫാമുകളെ ലാഭത്തിൽ കൊണ്ടുവരാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

വില്പന നികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

*23 [811] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം ലക്ഷക്കണക്കിന് രൂപയുടെ നികുതി കച്ചവടക്കാർ പിരിച്ചെടുക്കുന്നത് സർക്കാരിലേയ്ക്ക് അടയ്ക്കാതിരിക്കുന്ന നടപടി ഒഴിവാക്കാൻ വില്പന കൂടിയ കടകളിൽ ആഴ്ചതോറും പരിശോധന നടത്താൻ വില്പന നികുതി ഉദ്യോഗസ്ഥരുടെ പ്രത്യേക സെല്ലിന് രൂപം നൽകുമോ;

(ബി) 10 ലക്ഷത്തിലേറെ നികുതി കുടിശ്ശികയുള്ള കച്ചവടസ്ഥാപനങ്ങളിലെ വില്പന നികുതി മേലിലെങ്കിലും കുടിശ്ശിക വരാതിരിക്കാൻ വില്പന നികുതി ഉദ്യോഗസ്ഥർ എല്ലാ മാസവും ഇത്തരം കടകളിലെത്തി റിക്കോർഡുകൾ പരിശോധിച്ച് നികുതി ഈടാക്കുന്ന സംവിധാനം ഏർപ്പെടുത്തുമോ;

(സി) ദിവസേന നികുതി അടയ്ക്കാൻ താല്പര്യമുള്ളവരിൽനിന്നും സ്ഥാപനങ്ങളിൽ പോയി ദിവസേന നികുതിതുക ഈടാക്കാൻ സംവിധാനം ഏർപ്പെടുത്തുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ, ബി) ഈ നിർദ്ദേശങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വിദ്യാർത്ഥികളുടെ സഹായത്തോടെ വനവൽക്കരണ പരിപാടി

*24 [812] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ, കോളേജ് തലത്തിൽ വിദ്യാർത്ഥികളുടെ സഹായത്തോടെ വനവൽക്കരണം സംബന്ധിച്ച് പുതിയ ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഉണ്ട്. ഹരിതോത്സവം (Greening the State) എന്ന ഒരു പദ്ധതിക്ക് 2002-03-ൽ തുടക്കം കുറിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly